LIBRARY ARCHIVES Kerala Legislative Assembly

**എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിക്കൽ**

99(4109) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിലെ പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകളും (നിരത്ത്-കെട്ടിടം) അനുബന്ധ തസ്തികകളും സൃഷ്ടിച്ച് പുതിയ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തലപ്പിള്ളി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടാണ് വകുപ്പിന്റെ എഞ്ചിനീയറിംഗ് പ്രവൃത്തികൾ ഇപ്പോഴും നടക്കുന്നത് എന്നതിനാൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പുതുതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിലെ മരാമത്ത് പ്രവൃത്തികൾ തലപ്പിള്ളി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടാണ് ഇപ്പോഴും നടക്കുന്നത് എന്ന കാര്യം ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക തസ്തികകളിലെ ഒഴിവുകൾ**

100(4110) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ മുതൽ ഓവർസിയർ ഗ്രേഡ്-III (സിവിൽ വിഭാഗം) വരെയുള്ള തസ്തികകളിൽനിന്നും സൂപ്പർ ആനുവേഷൻ മുഖേന 2021 മേയ് മുതൽ 2024 ജൂൺ വരെ വിരമിക്കുന്നവരുടെ എണ്ണം മാസം തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ മുതൽ ഓവർസീയർ ഗ്രേഡ്-III സിവിൽ തസ്തികയിലെ സൂപ്പർ ആനുവേഷൻ മുഖേന വിരമിക്കുന്നവരുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത കാലയളവിലെ വിരമിക്കൽ ഒഴിവുകളിൽ എത്രയെണ്ണം വീതമാണ് പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടക്കുന്ന ഓരോ എൻട്രി കേഡർ തസ്തികയിലേയ്ക്കും ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത തസ്തികയിൽ ഉൾപ്പെടുന്ന വിരമിക്കൽ ഒഴിവുകളിൽ മൂന്നാംതരം ഓവർസീയർ തസ്തികയിൽ മൂന്ന് ഒഴിവുകളിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടക്കുന്നതാണ്. മറ്റ് എൻട്രി കേഡർ തസ്തികകളിലേയ്ക്ക് ഇതര തസ്തികകളിൽനിന്നും റേഷ്യോ പ്രൊമോഷൻ നൽകേണ്ടതുള്ളതിനാൽ നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാവുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ കഴിയില്ല.

(സി) 2021 ജനുവരി മുതൽ 15-7-2021 വരെ ഏതൊക്കെ തീയതികളിൽ എത്രവീതം ഒഴിവുകൾ ഓവർസീയർ ഗ്രേഡ്-III (സിവിൽ) തസ്തികയുമായി ബന്ധപ്പെട്ട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഓവർസീയർ ഗ്രേഡ് III (സിവിൽ) തസ്തികയിൽ 18-2-2021-ൽ ഒരൊഴിവും 2-3-2021-ൽ 17 ഒഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ തസ്തികകളിൽ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരണം**

101(4111) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഓവർസീയർ ഗ്രേഡ് II മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള സാങ്കേതിക തസ്തികകളിൽ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഫയലിലാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.